No.AWWF/D2/1187/17

കേരള അങ്കണവാടി വർക്കേഴ്സ് ആന്റ്
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര, തിരുവനന്തപുരം.
Email: awwfkerala@gmail.com
ഫോൺ : 0471-2342433
തീയതി : 11.08.2017

## സർക്കുലർ

വിഷയം:- സാമീവ - അങ്കണവാടി ക്ഷേമനിധി - അംഗങ്ങളുടെ വിഹിതം - സംബന്ധിച്ച്.

സൂചന:-

കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയിലേക്ക് അംഗങ്ങൾ വിഹിതമായി അടയ്ക്കുന്ന തുക എല്ലാ മാസവും 16-ാം തീയതിക്കുള്ളിൽ ശിശു വികസന പദ്ധതി ഓഫീസർമാർ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതും ആയത് എല്ലാ മാസവും 25-ാം തീയതിക്ക് മുൻപ് ജില്ല സാമൂഹ്യനീതി ഓഫീസർമാർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ് എന്നുള്ള നിർദ്ദേശം പല പ്രാവശ്യം നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും പല ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും യഥാസമയം തുക നിക്ഷേപിക്കാതിരിക്കുന്നതിനാൽ പലിശ ഇനത്തിൽ വൻ തുക നഷ്ടമാവാൻ കാരണമാകുന്നു. ഇത്തരത്തിൽ വീഴ്ച വരുത്തുന്ന കാര്യാലയ മേധാവികളിൽ നിന്നും 18% പലിശ ഈടാക്കുന്നതാണ്.

സ്പാർക്കിൽ ബിൽ മാറുന്നതുമായി ബന്ധപ്പെട്ട ധാരാളം ഓഫിസുകളിൽ നിന്നും വളരെ വൈകി മാത്രമാണ് വിഹിതങ്ങൾ ലഭിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്നും 1/17 മുതൽ 4/17 വരെയുള്ള വിഹിതം നാളിതുവരെ ലഭിയമായിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

ക്ഷേമനിധി അക്കൗണ്ടുകൾ പരിശോധിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരും ക്ഷേമനിധി വിഹിതം അടയ്ക്കുന്ന ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് അടിയന്തിരമായും ലഭ്യമാക്കേണ്ടതും, ടി അക്കൗണ്ടിൽ പലിശ ഇനത്തിൽ ലഭിച്ച തുക ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് ആയതിന്റെ വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ